# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **17.01.2026** മുതൽ **21.01.2026** വരെ)

## മലപ്പുറം ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 05/2026 | തീയ്യതി: 16/01/2026 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 0.3 | 32.0 – 34.2 | 23.4 – 24.3 | 63 – 80 | 06– 12 |

### ബി.വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 17-01-2026 | 18-01-2026 | 19-01-2026 | 20-01-2026 | 21-01-2026 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0.1 | 0 | 0 | 0 | 0 |
| കൂടിയതാപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞതാപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയആപേക്ഷികആർദ്രത, % | 80 | 80 | 80 | 80 | 80 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 200 | 230 | 230 | 270 | 200 |
| മേഘവിന്യാസം, ഒക്ടാ | 3 | 3 | 3 | 2 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല **** <br> മിതമായ അന്തരീക്ഷ ആർദ്രത ആയിരിക്കും. ആകാശം ഭാഗീകമായി മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. | | |
| അപായ സൂചന | ജനുവരി 17 ന് നേരിയ മഴയ്ക്ക് സാധ്യത. <br> ജനുവരി 18 മുതൽ 21 വരെ മഴയില്ല. | | |
| **ആഘാതം** | നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത. <br> വെയിലത്തിട്ടുണക്കുന്ന വിത്തുകൾ, റബ്ബർ, കശുവണ്ടി മുതലായവ നശിച്ചുപോവുകയോ ഗുണനിലവാരം കുറഞ്ഞു പോവുകയോ ചെയ്യുക, കാലി/കോഴി തേറ്റകൾ എന്നിവ പിക്ക് പൂപ്പൽ പിടിക്കുക മുതലായവ കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത. | | |
| **പൊതുനിർദ്ദേശങ്ങൾ** | പാകമായ വിളകൾ വിളവെടുക്കുകയും, വേഗത്തിൽ സംഭരിക്കാൻ കൊണ്ടുപോകുകയും ചെയ്യുക. വിളവെടുത്ത വിളകൾ വയലിലോ തുറസ്സായ സ്ഥലങ്ങളിലോ കൂമ്പാരമാക്കിയിടരുത്. <br> മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. <br> മണ്ണിൽ നിന്നും ജലനഷ്ടം ഉണ്ടാകാതിരിക്കാൻ വിളകൾക്ക് പുതയിടുക .കീട -രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. <br> കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും. മുൻകരുതലായി പച്ചക്കറിവിളകൾക്കു ഷെയ്ഡ് നെറ്റ് ഉപയോഗിച്ച് തണൽ നൽകുക. <br> മൃഗങ്ങളെ കൂടുതൽ നേരം തുറസ്സായ സ്ഥലത്ത് കെട്ടിയിടരുത്. അവയ്ക്ക് ആവശ്യത്തിന് വെള്ളം നൽകുക. | | |

| | | | |
|---|---|---|---|
| നെല്ല് | മണികളിൽ പാൽ നിറയുന്ന ഘട്ടം | ചാഴി  | അസാഡിറാക്റ്റിൻ 300ppm 3മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനിയിൽ ഒന്നോ രണ്ടോ മില്ലി മാലത്തിയോൺ 50 EC ചേർത്ത് തളിക്കുക. വൈകുന്നേരം സൂര്യസ്തമയത്തിനു ശേഷം തളിക്കുന്നതാണ് ഉചിതം. |
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി  | ആക്രമണം പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തിയാൽ മാത്രമേ ആക്രമണ വിധേയമായ തെങ്ങുകളെ സംരക്ഷിക്കാം സാധിക്കുകയുള്ളൂ.തിരിയോലകളും മധ്യനിരയിലുള്ള ഓലകളും മഞ്ഞളിക്കുകയാണെങ്കിൽ നിർബന്ധമായും സൂക്ഷ്മനിരീക്ഷണം നടത്തണം.തെങ്ങോല തടിയോട് ചേരുന്ന ഭാഗത്തു തുറന്ന ദ്വാരം പ്രത്യക്ഷപ്പെടുക,കീടത്തിന്റെ ജൈവാ-വശിഷ്ടങ്ങൾ,സമാധി,ദശ എന്നിവ തെങ്ങിന്റെ ഓലക്കവിളുകളിലും തടത്തിലിൻ കാണുകയാണെങ്കിൽ ആക്രമണം ഉള്ളതായി ഉറപ്പിക്കാം.<br>നിയന്ത്രണ മാർഗങ്ങൾ:- സ്പിനോസാഡ് നേർപ്പിച്ച് (4മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തടിയിലെ തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക. അതോടൊപ്പം തെങ്ങുകളുടെ മുകളിലത്തെ രണ്ടും മൂന്നും ലെക്കവിളുകളിലും ഇതേ ലായനി ഒഴിക്കുക.<br>തോട്ടങ്ങളിൽ സമ്പുർണ ശുചിത്വം അവലംബിക്കുക. |
| പാവയ്ക്ക | വിവിധ ഘട്ടം | കായീച്ച  | ഫിറമോൺ കെണി 15സെന്റിന് 1വീതം തൂക്കിയിടുക.<br>+<br>10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40m$^2$ സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക . |
| വഴുതന | വിവിധഘട്ടം | എപിലാക് ന വണ്ട്  | വണ്ടിന്റെ എല്ലാ വളർച്ചാഘട്ടങ്ങളും നശിപ്പിച്ചു കളയുക. വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം 20 മിലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. വേപ്പെണ്ണ കുരു സത്ത് 5 ശതമാനം വീര്യത്തിൽ കലക്കി ഒഴിക്കുക |
| തക്കാളി | വിവിധ ഘട്ടം | ബാക്റ്റീരിയൽ വാട്ടം  | കോപ്പർഓക്സിക്ലോറൈഡ് 2% (2ഗ്രാം/ലി ) എന്ന തോതിൽ തളിക്കുക. |

| | | | |
|---|---|---|---|
| മാവ് | കായ പിടിക്കുന്ന ഘട്ടം | കായീച്ച<br> | നിലത്തു വീണു കിടക്കുന്ന കായീച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.<br>തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെന്റിന് ഒന്ന് വീതം) സ്ഥാപിക്കുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്**<br>**(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത**<br>**(തയ്യാറാവുക)** | **ശ്രദ്ധ**<br>**(കാതോർക്കുക)** | **നിസ്സാരം**<br>**(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി